**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **30-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പൊതുകടം നിലവിൽ എത്രകോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,38,000.97 കോടി രൂപയാണ്. |
| (ബി) | പൊതുകടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,38,000.97 കോടി രൂപയാണ്. ഇത് 2022-23 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പുതുക്കിയ ജി.എസ്.ഡി.പി തുകയായ 10,17,872.58 കോടി രൂപയുടെ 23.38 ശതമാനമാണ്. 2021-22 സാമ്പത്തികവർഷം ഈ അനുപാതം 24.26 ശതമാനമായിരുന്നു. ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്ക് അധിക കടമെടുപ്പായി 8,323 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടു പോലും കടമെടുപ്പിൽ കേന്ദ്രസർക്കാർ കൊണ്ടു വന്ന നിയന്ത്രണങ്ങൾ മൂലം ഈ അനുപാതം കുറയുകയാണ് ഉണ്ടായത്. |
| (സി) | ഈ അനുപാതം വർദ്ധിച്ചതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (സി) | 2022-23 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,38,000.97 കോടി രൂപയാണ്. ഇത് 2022-23 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പുതുക്കിയ ജി.എസ്.ഡി.പി തുകയായ 10,17,872.58 കോടി രൂപയുടെ 23.38 ശതമാനമാണ്. 2021-22 സാമ്പത്തികവർഷം ഈ അനുപാതം 24.26 ശതമാനമായിരുന്നു. ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്ക് അധിക കടമെടുപ്പായി 8,323 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടു പോലും കടമെടുപ്പിൽ കേന്ദ്രസർക്കാർ കൊണ്ടു വന്ന നിയന്ത്രണങ്ങൾ മൂലം ഈ അനുപാതം കുറയുകയാണ് ഉണ്ടായത്. |

| | | | |
|---|---|---|---|
| (ഡി) | നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുകടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം കുറച്ചുകൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും  സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ വിവിധ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ തുടർന്നാണ് 2023-24 വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി മോട്ടോർ വാഹനം, രജിസ്ട്രേഷൻ, എക്സൈസ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിൽ ഈടാക്കുന്ന നികുതി ഇനങ്ങളുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിലൂടെ നടപടികൾ തുടങ്ങിയിട്ടുള്ളത്. ജി.എസ്.ടി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിലവിലെ നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടന 01/01/2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സമ്പൂർണ്ണ ജി.എസ്.ടി പുന:സംഘടനയിലൂടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി നികുതി-ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധയാണ് ചെലുത്തി വരുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 2020-21 ൽ 47661 നിന്ന് 2022-23 ൽ 71968 ആയി ഉയർന്നു. 2022-23 ൽ മുൻവർഷത്തെ അപേക്ഷിച്ച് 23.4% വളർച്ചാനിരക്കാണ് കൈവരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ